(ബി) ആരോഗ്യവകുപ്പിലെ ചീഫ് ഗവൺമെന്റ് അനലിസ്റ്റും കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ എന്റമോളജി വകുപ്പുമാണ് പരിശോധിച്ചത്. അരവണ പരിശോധിച്ചതിൽ അരി, ശർക്കര, നെയ്യ്, ഇഞ്ചി, തേങ്ങയുടെ കഷണങ്ങൾ, ഏലക്ക, കിസ്മിസ് എന്നിവകൊണ്ട് ഉണ്ടാക്കിയതാണെന്നും അതിൽ രോമങ്ങളൊന്നും കണ്ടില്ലായെന്നും ഇഞ്ചിനാർ കണ്ടുവെന്നും ചീഫ് അനലിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാർഷിക സർവ്വകലാശാലയുടെ എന്റമോളജി വകുപ്പിന്റെ റിപ്പോർട്ടിൽ കാണപ്പെട്ട വസ്തു എലിയുടെ വാൽ അല്ലെന്നും ചുണ്ടെലി പോലെയുള്ള ഒരു ജീവിയുടേത് ആകാമെന്നും മൂർച്ചയുള്ള ഉപകരണംകൊണ്ട് മുറിച്ചതായി കാണുന്നുവെന്നും, വേകാത്തതും പച്ചയായിട്ടുള്ളതുമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പഴകിയ അരവണ സന്നിധാനത്ത് കത്തിച്ചു കളഞ്ഞതായുള്ള വാർത്ത വാസ്തവവിരുദ്ധമാണെന്ന് ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) ഇല്ല

(ഇ) അരവണ നിർമ്മാണവും പാക്കിംഗും യാതൊരു മാലിന്യവും കലരാൻ സാധ്യതയില്ലാത്തവിധത്തിൽ കുറ്റമറ്റരീതിയിലും ശുചിയായിട്ടും ആണ് ചെയ്തുവരുന്നതെന്നും പത്രവാർത്ത കണ്ടതിനെത്തുടർന്ന് അരവണ നിർമ്മാണ മേൽനോട്ടത്തിന് ഒരു ഡെപ്യൂട്ടി ദേവസ്വംകമ്മീഷണറെ നിയോഗിച്ചിട്ടുണ്ടെന്നും ദേവസ്വംബോർഡ് അറിയിച്ചിട്ടുണ്ട്. അരവണ പായസത്തിൽ മാലിന്യങ്ങൾ കലരാൻ ഇടയായതിനുപിന്നിൽ ദേവസ്വം ബോർഡിനെ അപകീർത്തിപ്പെടുത്താനും ശബരിമല ക്ഷേത്രത്തിന്റെ പ്രാധാന്യം കുറയ്ക്കുന്നതിനുമുള്ള ഗൂഢാലോചനയാണെന്ന് ബോർഡ് കരുതുന്നു എന്നും അറിയിച്ചിട്ടുണ്ട്. ഇതിന്റെ സത്യാവസ്ഥ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ ബഹു. ഹൈക്കോടതി ഒരു വിജിലൻസ് അന്വേഷണത്തിന് ഉത്തരവും നൽകിയിട്ടുണ്ട്. ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ സർക്കാരും തീരുമാനിച്ചിട്ടുണ്ട്.

ശബരിമലയിലെ ലേലം

111 (456) ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം ശബരിമലയിൽ നടന്ന ലേലങ്ങളെക്കുറിച്ച് ഹൈക്കോടതി എന്തെങ്കിലും പരാമർശം നടത്തുകയുണ്ടായോ;

(ബി) എങ്കിൽ ഹൈക്കോടതി ഇപ്രകാരമുള്ള പരാമർശം നടത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന് ഉത്തരവാദികൾ ആരെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി) 1176-ലെ ശബരിമല ഉത്സവത്തോടനുബന്ധിച്ച് നടത്തിയ നാളികേര കുത്തകലേലത്തിലെ നടപടിക്രമത്തെക്കുറിച്ചാണ് ബഹു. ഹൈക്കോടതിയുടെ പരാമർശം ഉണ്ടായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly